**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655** **13-02-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ ആത്മഹത്യയും റാഗിംഗും തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഇടയിലുള്ള ആത്മഹത്യയും റാഗിംഗും തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കോളേജുകളിൽ റാഗിങ്ങ് തടയുന്നതിന് ആന്റി-റാഗിങ് കമ്മിറ്റികളും റാഗിങ് തടയുന്നതിനുള്ള സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. എല്ലാ കോളേജ് ക്യാമ്പസുകളിലും വിവിധ ഭാഗങ്ങളിലായി റാഗിങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാ നടപടികളെ കുറിച്ചുള്ള അറിയിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. പല കോളേജുകളിലും റാഗിങ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് എൻ.എസ്.എസിന്റെ സജീവമായ പങ്കാളിത്തവും ഉണ്ട്.<br><br>എല്ലാ വിദ്യാർത്ഥികളും കോളേജിൽ പ്രവേശനം നേടുന്ന അവസരത്തിൽ, റാഗിങ് നടത്തുകയോ റാഗിങ്ങിന് പിന്തുണ നൽകുകയോ ചെയ്യില്ല എന്നുള്ള പ്രതിജ്ഞയിൽ വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും ഒപ്പുവച്ച് ശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് തടയുന്നതിനുവേണ്ടി യുജിസി പുറപ്പെടുവിച്ചിട്ടുള്ള UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009 വായിച്ചു മനസിലാക്കിയിട്ടുണ്ടെന്നും റാഗിങ്ങിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും റാഗിങ്ങിൽ ഏർപ്പെട്ടാൽ ഉണ്ടാകാനിടയുള്ള ഭവിഷ്യത്തിനെ സംബന്ധിച്ചും താൻ ബോധവാനാണെന്നും സാക്ഷ്യപ്പെടുത്തുകയാണ് ഈ അണ്ടർടേക്കിങ് പൂരിപ്പിച്ച് സമർപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികൾ ചെയ്യുന്നത്.<br><br>റാഗിങ്ങിന് വിധേയമാവുകയോ റാഗിങ് നടന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്റെ വിവരവും ഫോൺ നമ്പറും കോളജുകളിൽ |

| | | | |
|---|---|---|---|
| | | | പ്രദർശിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ തന്നെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യാനും അവസരമുണ്ട്.<br><br>കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംങ്ങ് നടന്നുകഴിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഏഴുദിവസത്തിനുള്ളിൽ സർവ്വകലാശാലയെ അറിയിക്കുവാൻ കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ സർവ്വകലാശാല റാഗിംഗ് വിരുദ്ധസമിതി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>വിദ്യാർത്ഥികൾക്കിടയിലുള്ള ആത്മഹത്യാ പ്രവണത, പരീക്ഷാ ഭയം, എന്നിവ കുറയ്ക്കുന്നതിനും മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുമായി കോളേജ് വിദ്യാഭ്യാസവകുപ്പ് "ജീവനി മെന്റൽ വെൽബീയിങ്" എന്ന പേരിൽ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ കോളേജുകളിലും സൈക്കോളജി വിദഗ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിങ് നൽകി വരികയും ചെയ്യുന്നു. 2019 -ൽ സർക്കാർ കോളേജുകളിൽ മാത്രമായി ആരംഭിച്ച ഈ പദ്ധതി നിലവിൽ വകപ്പിന് കീഴിലുള്ള എയ്ഡഡ് കോളേജുകളിലേക്ക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. സൈക്കോളജിസ്റ്റുമാരുടെ സഹായത്തോടെ വിദ്യാർത്ഥികളുടെ നിരവധി പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വിദ്യാർത്ഥികളുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും സ്വതന്ത്രമായി ചർച്ചകൾ ചെയ്ത് പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുന്നതിനും വ്യക്തിത്വ വികസനത്തിനുമായി " CUSAT Mind behavior Studio" എന്ന സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ മുഖേന വിദ്യാർത്ഥികൾക്ക് മാനസികാരോഗ്യ വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ഇതിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | കോളേജുകളിൽ ഒന്നാംവർഷ വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്ന സന്ദർഭങ്ങളിൽ റാഗിംഗ് വിരുദ്ധ സന്ദേശങ്ങൾ നൽകുന്ന ബോധവൽക്കരണം നടത്തുന്നുണ്ട്. കോളേജുകളിൽ റാഗിങ് വിരുദ്ധ ദിനം ആചരിക്കുകയും വിവിധ പേരുകളിൽ റാഗിംഗിന് എതിരായ ബോധവൽക്കരണവും സന്ദേശവും നൽകുന്ന പരിപാടികളും സംഘടിപ്പക്കാറുണ്ട്. പല കോളേജുകളിലും അധ്യയന വർഷ ആരംഭത്തിൽ, പുതിയ വിദ്യാർത്ഥികൾക്കായി പ്രത്യേക ഓറിയന്റേഷൻ/ഇൻഡക്ഷൻ പ്രോഗ്രാം |

| | | | |
|---|---|---|---|
| | | | നടത്തുന്നുമുണ്ട്. നുവാൽസിൽ വിവിധ സെന്ററുകളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പ്രോഗ്രാമുകൾ നടത്താറുണ്ട്. ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുകയും മാറ്റിവച്ചിട്ടുമുണ്ട്.<br><br>കോളേജുകളിൽ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ റാഗിങ്ങിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്.<br><br>കണ്ണൂർ സർവ്വകലാശാലയിൽ മേൽ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിലേക്കായി ഓറിയേന്റ്ഷൻ ക്ലാസുകൾ, കൗൺസിലിങ്ങ്, സെമിനാറുകൾ, ഫ്ലാഷ് മോബ് തുടങ്ങിയവ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ